80 ലക്ഷം രൂപ നീക്കിവച്ചുകൊണ്ട് മറ്റ് ഘടകങ്ങൾ പൂർത്തീകരിക്കുകയാണുണ്ടായത്. നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം, വീവിംഗ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇതോടനുബന്ധിച്ചുള്ള ക്ഷേത്രക്കുളം നവീകരണം, നടപ്പാത, ഇരിപ്പിടങ്ങൾ, കോമ്പൗണ്ട് വാൾ, പ്രവേശന കവാടം, മാലിന്യ നിർമ്മാർജ്ജന സൗകര്യം, ലാൻഡ് സ്കേപ്പിംഗ്, സോളാർ ലൈറ്റ് തുടങ്ങിയ ഘടകങ്ങൾ പൂർത്തീകരിച്ചു. ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പാണ് പ്രസ്തുത പദ്ധതിയുടെ എക്സിക്യൂട്ടിംഗ് ഏജൻസി. 3,10,13,608 രൂപ പദ്ധതിക്കായി ചെലവഴിച്ചു.

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

മ്യൂസിയം സ്ഥാപിക്കൽ ഒഴികെയുള്ള ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥല ലഭ്യതയനുസരിച്ച് മാത്രമേ മ്യൂസിയം സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ.

എല്ലാ പഞ്ചായത്തിലും ഒരു വിനോദസഞ്ചാര കേന്ദ്രം

156(766) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തിലും ഒരു വിനോദസഞ്ചാര കേന്ദ്രം സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെ വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുക എന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ഈ വിഷയത്തിൽ പരിശീലനം നൽകുന്നതിനുവേണ്ട പ്രാരംഭ നടപടികളാരംഭിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്തടിസ്ഥാനത്തിൽ ഇവയുടെ മുൻഗണന നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

മേൽനടപടികൾ പൂർത്തിയാക്കിയതിനുശേഷം ടൂറിസം സാധ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കാവുന്നതാണ്.

ആശ്രാമം പൈതൃകവീഥി

157(767) <u>ശ്രീ. എം. മുകേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജകമണ്ഡലത്തിലെ ആശ്രാമം മൈതാനത്ത് ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന പൈതൃകവീഥി പദ്ധതിയുടെ പ്രവർത്തനങ്ങൾ നിലച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly